International Year of Cooperatives

RCS/15016/2025-ഇ എം(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 07-12-2025

## സർക്കുലർ നമ്പർ 45/2025

വിഷയം: സഹകരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന മുൻഗണനാപട്ടികയിൽ (റേഷൻ കാർഡ്) നിന്നും അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 05/08/2017 ലെ ഭ.പൊ.വി.വ-ബി3/258/2017- ഭ.പൊ.വി.വ നമ്പർ സർക്കുലർ.

ദേശീയ ഭക്ഷ്യ ഭദ്രതാനിയമം. 2013 അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ /മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും. പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ നിരവധി അനർഹർ കടന്ന് കൂടിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളെയും പ്രസ്തുത വിഷയം അറിയിക്കുന്നതിന് സൂചന സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

1. സംസ്ഥാന. പ്രാഥമിക സഹകരണ സംഘം /ബാങ്കുകൾ / അപ്പെക്സ് സംഘങ്ങൾ/ ബോർഡുകൾ എന്നിവയിലെ ജീവനക്കാരുടെ റേഷൻ കാർഡുകൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്/മാനേജിംഗ് ഡയറക്ടർമാർ പരിശോധിച്ച് മുൻഗണന കാർഡ് അല്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലെങ്കിൽ ടി ജീവനക്കാരുടെ റേഷൻ കാർഡ് മുൻഗണന വിഭാഗത്തിൽ നിന്നും മാറ്റുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്. ആയത് പാലിക്കുന്നില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം താലൂക്ക് സപ്ലൈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
2. ജോലിക്കാര്യം മറച്ച് വച്ചോ. അബദ്ധവശാലോ മുൻഗണനാ പട്ടികയിൽ കടന്ന് കൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ് /മാനേജിംഗ് ഡയറക്ടർമാർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. ജീവനക്കാർ റേഷൻ കാർഡ് ഇല്ല എന്ന് അറിയിക്കുന്ന സാഹചര്യത്തിൽ. അക്കാര്യം

ജീവനക്കാരുടെ സത്യവാങ്മൂലം വാങ്ങി പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് സെക്രട്ടറി /ചീഫ് എക്സിക്യൂട്ടീവ്/ മാനേജിംഗ് ഡയറക്ടർമാർ നൽകേണ്ടതാണ്.

4. സംസ്ഥാന. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/അപ്പെക്സ് സംഘങ്ങൾ/ബോർഡുകൾ എന്നിവിടങ്ങളിൽ നിന്നും വിരമിച്ച പെൻഷൻകാരുടെയും, ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെയും റേഷൻ കാർഡുകൾ സഹകരണ പെൻഷൻ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും മുൻഗണനാ പട്ടികയിൽ കടന്ന് കൂടിയവരുടെ വിവരം റേഷൻകാർഡ് നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
Dr. D SAJITH BABU IAS
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും.
3. അഡീഷണൽ രജിസ്ട്രാർ സഹകരണ പെൻഷൻ ബോർഡ്
4. എല്ലാ സഹകരണ അപ്പെക്സ് സ്ഥാപനങ്ങൾ/ സഹകരണ ബോർഡുകൾ
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   **(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന**
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   **(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)**
9. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും
   **(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)**
10. സ്റ്റോക്ക് ഫയൽ/സ്പെയർ
11. സഹകരണ വീഥി
12. വെബ് സൈറ്റ്

ആജ്ഞാനുസരണം

Signed by Bindu S
Date: 11-12-2025 12:57:10

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ എം)